**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1463** **18-01-2021 - ൽ മറുപടിയ്ക്ക്**

**ഉൾനാടൻ മത്സ്യോത്പാദനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൽദോസ് പി. കുന്നപ്പിള്ളിൽ | | Smt. J. Mercykutty Amma<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) | |
| (എ) | ദേശീയ തലത്തിൽ ആകെ മത്സ്യോല്പാദനത്തിന്റെ 68 ശതമാനവും ഉൾനാടൻ മേഖലയിൽ നിന്നും ലഭിക്കുമ്പോൾ കേരളത്തിന്റെ സംഭാവന 28 ശതമാനം മാത്രമാണെന്നത് ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; | (എ) | എ) & ബി) ഉണ്ട്. 1997 മുതൽ 2001 വരെയുള്ള കാലഘട്ടത്തിലാണ് സംസ്ഥാനം ഉൾനാടൻ മത്സ്യകൃഷിയിലൂടെ മികച്ച നേട്ടം കൈവരിച്ചിട്ടുള്ളത്. ജലാശയങ്ങളുടെ മലിനീകരണം, ജലാശയങ്ങളുടെ ശോഷണം, അണക്കെട്ടുകളുടെ/തടയണകളുടെ/ ബണ്ടുകളുടെ നിർമ്മാണം, കണ്ടൽക്കാടുകളുടെ തിരോധാനം, വർദ്ധിച്ച തോതിലുള്ള മണൽവാരൽ, ജലസസ്യങ്ങളുടെ വ്യാപനം, മത്സ്യരോഗങ്ങൾ, വിദേശ മത്സ്യങ്ങളുടെ കടന്നുകയറ്റം, കാലാവസ്ഥാ വ്യതിയാനം എന്നിവ ഉൾനാടൻ മത്സ്യോൽപ്പാദനം കുറയാനുണ്ടായ കാരണങ്ങളായി ചൂണ്ടിക്കാണിക്കാവുന്നതാണ്. 2016മുതൽ ഉൾനാടൻ മത്സ്യകൃഷിയിൽ നൂതന കൃഷി രീതികൾ വ്യാപിപ്പിച്ചു ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനാണ് ഊന്നൽ നൽകി വരുന്നത്. ഉൾനാടൻ മത്സ്യഉല്പാദനം 2016-ൽ 1.88 ലക്ഷം ടണ്ണായിരുന്നത് 2020-ൽ എത്തുമ്പോൾ 2.05 ലക്ഷം ടണ്ണായി വർദ്ധിച്ചിട്ടുണ്ട്. |
| (ബി) | 1999-2000 മുതൽ 2015-16 വരെയുള്ള കാലയളവിൽ ഉൾനാടൻ മത്സ്യ ഉല്പാദനത്തിൽ മെച്ചപ്പെട്ട സ്ഥാനം അലങ്കരിച്ചിരുന്ന സംസ്ഥാനം പിന്നീട് പുറകോട്ട് പോയതിന്റെ കാരണം കണ്ടെത്തിയിട്ടുണ്ടോ; | (ബി) | പിരിവ് എ യുടെ മറുപടി കണ്ടാലും. |
| (സി) | ഈ പിന്നോക്കാവസ്ഥയ്ക്ക് കാരണം സംസ്ഥാനത്തെ ഉൾനാടൻ ജലവിഭവ ശേഷി ഉപയോഗിക്കുന്നതിലുണ്ടായ വീഴ്ചയാണോ എന്ന് വിലയിരുത്തിയിട്ടുണ്ടോ; | (സി) | സി) & ഡി) സംസ്ഥാനത്തെ ഉൾനാടൻ ജലവിഭവ ശേഷി ശാസ്ത്രീയമായി പ്രയോജനപ്പെടുത്തിയാൽ നിലവിലെ 2 ലക്ഷം മെട്രിക് ടൺ ഉൾനാടൻ മത്സ്യോല്പാദനം ഇരട്ടിയാക്കാൻ കഴിയുമെന്ന് വിലയിരുത്തിയിട്ടുണ്ട്. ഉൾനാടൻ മത്സ്യോൽപ്പാദനത്തിൽ ഉണ്ടായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി സർക്കാർ വിവിധ കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. നടപ്പ് സാമ്പത്തിക വർഷം ജലകൃഷി വികസനത്തിനായി |

| | | | |
|---|---|---|---|
| | | | 61.15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ജനകീയ മത്സ്യകൃഷിയിലൂടെ സംസ്ഥാനത്ത് 21 ഇനം കൃഷി രീതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി മത്സ്യോൽപ്പാദന ത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. നടപ്പ് സാമ്പത്തിക വർഷം പ്രധാനമന്ത്രി മത്സ്യ സമ്പദ് യോജന പദ്ധതിയിലുൾപ്പെടുത്തി നൂതന പദ്ധതികളായ ബയോഫ്ളോക്ക് മത്സ്യകൃഷി രീതി, റീസർക്കുലേറ്ററി അക്വാകൾച്ചർ എന്നിവ നടപ്പിലാക്കി വരുന്നു. പൊതു ജലാശയങ്ങളിൽ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. നടപ്പ സാമ്പത്തിക വർഷം 300 ലക്ഷം രൂപ പദ്ധതി നടത്തിപ്പിന് വകകൊള്ളിച്ചിട്ടുണ്ട്. ആർ.കെ.ഐ, കേരള റിസർവോയർ ഫിഷറീസ് ഡെവലപ്പ്മെന്റ് പ്രോജക്ടുകൾ പ്രകാരം കൂട് കൃഷി പദ്ധതി നടപ്പിലാക്കി വരുന്നു. മലമ്പുഴ, പോത്തുണ്ടി, പഴശ്ശി, ബാണാസുരസാഗർ, കാരാപ്പുഴ, പെരുവണ്ണാമൂഴി എന്നീ 6 ജലസംഭരണികളിലായി 26.286 കോടി രൂപ ചെലവിൽ വ്യാപകമായി കൂട് മത്സ്യകൃഷി നടപ്പാക്കുന്നുണ്ട്. ഇത് കൂടാതെ ജലസംഭരണികളിൽ നിന്ന് മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് മത്സ്യക്കുഞ്ഞുങ്ങൾ നിക്ഷേപിക്കുന്നതിനായി 200 ലക്ഷം രൂപയുടെ പദ്ധതിയും നടപ്പിലാക്കി വരുന്നു. അഷ്ടമുടി/വേമ്പനാട് കായലുകളിൽ മത്സ്യസമ്പത്ത് സംരക്ഷിക്കാനും അതുവഴി ഉല്പാദനം കൂട്ടുന്നതിനുമായി, 95 ലക്ഷം രൂപയുടെയും 248 ലക്ഷം രൂപയുടെയും പദ്ധതികൾ യഥാക്രമം നടപ്പിലാക്കിവരുന്നു. |
| (ഡി) | എങ്കിൽ അത് പരിഹരിക്കുന്നതിന് എന്ത് ഇടപെടലാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) | പിരിവ് സി യുടെ മറുപടി കണ്ടാലും. |

സെക്ഷൻ ഓഫീസർ